## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1710 | | 14/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **നിർഭയ പദ്ധതി** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ബെന്നി ബെഹനാൻ<br>,, ആർ. സെൽവരാജ്<br>,, പി. സി. വിഷ്ണുനാഥ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പുമന്ത്രി) |
| (എ) | നിർഭയ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ). സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളും, ലൈഗിംക വാണിഭവും തടയുന്നതിനായി ആവിഷ്കരിച്ച നയപരിപാടിയാണ് നിർഭയ. ഈ നയം ബാലപീഡനം, ലൈഗിംക അതിക്രമം, വേശ്യാവൃത്തിക്ക് വേണ്ടിയുള്ള പെൺവാണിഭം ഇവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. പ്രതിരോധം, മോചനം, സംരക്ഷണം, കുറ്റവിചാരണം, പുനരധിവാസം, പുനരേകീകരണം, ഉപജീവനം, ആരോഗ്യ സംരക്ഷണ സേവനങ്ങൾ, വിദ്യഭ്യാസം, പാർപ്പിടവും പൗരാവകാശ സൗകര്യങ്ങളും, ഫോസ്റ്റർ കെയർ തുടങ്ങിയ മേഖലകളിലെ ഇടപെടലുകൾ വഴി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക പീഡനത്തെ പാടെ നീക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) | ഏതെല്ലാം വകുപ്പിന്റെ സഹകരണത്തോടെ യാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; | (ബി) സംസ്ഥാനത്തെ എല്ലാ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പുവരുത്തുകയെന്ന വെല്ലുവിളി നേരിടാനായി ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളുടെയും, പ്രത്യേകിച്ചും, സാമൂഹ്യനീതി, ആഭ്യന്തര, തദ്ദേശ സ്വയംഭരണം, വിദ്യഭ്യാസം, ആരോഗ്യം, തൊഴിൽ, നിയമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് |
| (സി) | നിരാലംബരായ പെൺകുട്ടികളെ പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) ലൈംഗികമായി പീഡിപ്പിക്കപ്പെട്ടവരും നിരാലംബരുമായ പെൺകുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ നിർഭയ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br>◆ അടിയന്തിര ആശ്വാസം, ആരോഗ്യം, വിദ്യാഭ്യാസം, താമസം, ജീവനോപാധികൾ, പുനരധിവാസ സൗകര്യങ്ങൾ, ഫോസ്റ്റർ കെയർ എന്നിവ ഉറപ്പുവരുത്തുക<br>◆ വ്യക്തിഗത ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പുനരധിവാസ പദ്ധതി |

| | | |
|---|---|---|
| | | ◆ കുട്ടികൾക്ക് കൗൺസലിംഗ്, വിദ്യഭ്യാസം, താമസസൗകര്യം എന്നിവ നൽകി അവർ വീണ്ടും ചൂഷണത്തിന് വിധേയരാകാതിരിക്കാൻ നടപടി<br>◆ മുഖ്യധാര വിദ്യഭ്യാസത്തിന് പ്രാപ്തമാക്കുന്നതിനുവേണ്ടി ഓപ്പൺ സ്കൂൾ, വിദൂരവിദ്യഭ്യാസം, വിവിധ ബ്രിഡ്ജ് കോഴ്സുകൾ തുടങ്ങിയവ ലഭ്യമാക്കുക<br>◆ റസിഡൻഷ്യൽ സ്കൂളുകളിൽ ബാലപീഡിതർക്കും വാണിഭത്തിൽപ്പെട്ട സ്ത്രീകളുടെ കുട്ടികൾക്കും അനുവദനീയമായ എണ്ണം കണക്കാക്കാതെ പ്രവേശനവും, ധനസഹായവും<br>◆ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാനായി സഹായ-സേവനങ്ങൾ, സ്കോളർഷിപ്പുകൾ, പോഷകാഹാരം, ട്യൂഷൻ എന്നിവ നൽകി സൗജന്യവും നിർബന്ധിതവുമായ വിദ്യഭ്യാസം ലഭ്യമാക്കുക.<br>◆ ഫോസ്റ്റർ കെയറിന് താൽപ്പര്യമുള്ള വിശ്വാസയോഗ്യമായ കുടുംബങ്ങളുടെ ഡേറ്റാബേസ് തയ്യാറാക്കി പീഡിതരായ കുട്ടികളുടെ പുനരധിവാസത്തിനായി പ്രയോജനപ്പെടുത്തുക. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br>1. പഞ്ചായത്ത്/നഗരസഭാ തലത്തിലുള്ള ജാഗ്രതാ സമിതികൾ<br>2. ജില്ലാ നിർഭയസമിതി<br>3. സംസ്ഥാനതല ഏകോപന സമിതി<br>4. സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മറ്റി |

സെക്ഷൻ ഓഫീസർ